No. CEE/3737/2012/KEAM-2013/TA1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

### സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകളിലേയും MBBS/BDS ഒഴികെയുള്ള മറ്റ് മെഡിക്കൽ കോഴ്സുകളിലേയും ഒഴിവ് വന്ന സീറ്റുകളിലേക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് സംബന്ധിച്ച പുതുക്കിയ ഷെഡ്യൂൾ

സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകളിലേയും എം.ബി.ബി.എസ്/ബി.ഡി.എസ് ഒഴികെയുള്ള മറ്റ് മെഡിക്കൽ കോഴ്സുകളിലേയും ഒഴിവ് വന്ന സീറ്റുകളിലേക്കുള്ള അലോട്ട്മെന്റ് നടപടിക്രമങ്ങൾ സംബന്ധിച്ച് **27.07.2013** ന് പുറപ്പെടുവിച്ച ഈ ഓഫീസ് വിജ്ഞാപനം താഴെപ്പറയുന്ന പ്രകാരം പുതുക്കി നിശ്ചയിച്ചിരിക്കുന്നു.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ **01.08.2013** ന് ആരംഭിക്കുന്നതാണ്. മെഡിക്കൽ (MBBS/BDS ഒഴികെ) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളുടെ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള ഹയർ ഓപ്ഷനുകൾ നിലനിർത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോളേജുകളിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും **01.08.2013 മുതൽ 02.08.2013 വൈകുന്നേരം 5 മണി വരെ** **www.cee.kerala.gov.in** എന്ന വെബ് സൈറ്റിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്. നിശ്ചിത സമയത്തിനകം ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **07.08.2013** ന് **അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്.** അപ്രകാരം അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ടുമെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി ഫീസ് **08.08.2013, 10.08.2013** എന്നീ തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കേണ്ടതാണ്. **SBT** ശാഖകളുടെ ലിസ്റ്റ് വെബ് സൈറ്റിൽ ലഭ്യമാണ്.

ഇപ്രകാരം അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ടും KEAM 2013 പ്രോസ്പെക്ടസ് ഖണ്ഡിക **11.7.1** ൽ പറയുന്ന രേഖകളുടെ അസ്സലും സഹിതം **08.08.2013, 10.08.2013, 11.08.2013** എന്നീ തീയതികളിൽ അതത് കോളേജ് പ്രിൻസിപ്പലിനു മുമ്പാകെ നേരിട്ട് ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. ആഗസ്റ്റ് 10, 11 എന്നീ ദിവസങ്ങൾ പൊതു അവധിയാണെങ്കിലും അഡ്മിഷനുമായി ബന്ധപ്പെട്ട് തുറന്ന് പ്രവർത്തിക്കുന്നതിന് കോളേജ് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ഒഴികെയുള്ള കോളേജുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് പ്രകാരം മാറ്റം ലഭിച്ചിട്ടുണ്ടെങ്കിൽ നിലവിലുള്ള കോളേജിൽ നിന്നും വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങി പുതുതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ നിർബന്ധമായും ചേരേണ്ടതാണ്. ഫീസിനത്തിൽ കോളേജിൽ അടയ്ക്കേണ്ട ബാക്കിതുക ഉണ്ടെങ്കിൽ അത് അഡ്മിഷൻ സമയത്ത് കോളേജിൽ ഒടുക്കേണ്ടതാണ്.

**11.08.2013** വൈകുന്നേരം **5.30 ന്** മുമ്പ് ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർ നോൺ ജോയിനിംഗ് റിപ്പോർട്ട് ഓൺലൈനായി രേഖപ്പെടുത്തിയ ശേഷം അതിന്റെ പ്രിന്റൗട്ട് ഈ ഓഫീസിലേക്ക് ഫാക്സ് മുഖാന്തിരം അയച്ചു തരേണ്ടതാണ്. ഇങ്ങനെ ലഭിക്കുന്ന നോൺ ജോയിനിംഗ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള എഞ്ചിനീയറിംഗ് കോഴ്സുകളിലേക്ക് ഒഴിവു വന്ന സീറ്റുകൾ നികത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് സർക്കാർ ഉത്തരവിന് വിധേയമായി പത്രപ്പരസ്യം മുഖേന **ആഗസ്റ്റ് 12 ാം തീയതി മുതൽ 15 ാം തീയതി വരെ** സ്പോട്ട് അഡ്മിഷൻ നടത്താവുന്നതും അപ്രകാരം നികത്തപ്പെട്ട വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് **16.08.2013** ന് എത്തിക്കേണ്ടതുമാണ്.

**പുതുക്കിയ അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു**

| | |
|---|---|
| 01.08.2013 | നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോളേജുകളിലേക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു |
| 02.08.2013 വൈകുന്നേരം 5 മണി | ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു |
| **07.08.2013** | **അലോട്ട്മെന്റ്** |
| 08.08.2013 & 10.08.2013 | അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ ഫീസ്/ ബാക്കി ഫീസ് ഒടുക്കേണ്ടതാണ്. |
| 08.08.2013, 10.08.2013 & 11.08.2013 | വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോളേജിലെ പ്രിൻസിപ്പൽ മുമ്പാകെ ബന്ധപ്പെട്ട അസ്സൽ രേഖകൾ സഹിതം ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. അതോടൊപ്പം ഫീസിനത്തിൽ കോളേജിൽ ഒടുക്കേണ്ട ബാക്കി തുക ഉണ്ടെങ്കിൽ അതും കോളേജിൽ ഒടുക്കേണ്ടതാണ്. |
| 11.08.2013 (വൈകുന്നേരം 5.30) | കോളേജ് പ്രിൻസിപ്പൽമാർ നോൺ ജോയിനിംഗ് റിപ്പോർട്ട് പ്രവേശന പരീക്ഷ കമ്മീഷണർക്കു ഓൺലൈനായും അതിന്റെ പ്രിന്റൗട്ട് ഫാക്സ് മുഖാന്തിരവും നൽകണം. |
| 12.08.2013 മുതൽ 15.08.2013 വരെ | നോൺ ജോയിനിംഗ് റിപ്പോർട്ട് പ്രകാരം ഒഴിവ് വന്ന എഞ്ചിനീയറിംഗ് സീറ്റുകളിലേക്ക് സർക്കാർ ഉത്തരവിന് വിധേയമായി അതത് വകുപ്പ് തലവൻമാർക്ക് പത്രപ്പരസ്യം മുഖേന സ്പോട്ട് അഡ്മിഷൻ നടത്തി ഒഴിവുകൾ നികത്താവുന്നതാണ്. |
| 16.08.2013 | സ്പോട്ട് അഡ്മിഷൻ പ്രകാരം പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രവേശന പരിക്ഷാ കമ്മീഷണർക്ക് എത്തിക്കണം |

**എഞ്ചിനീയറിംഗ് കോഴ്സുകളിലേക്ക് അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അതത് കോളേജുകളിൽ നിർബന്ധമായും പ്രവേശനം നേടേണ്ടതാണ്. അല്ലാത്ത പക്ഷം പ്രോസ്പെക്ടസിലെ ക്ലോസ് 12.2.4 (സി) പ്രകാരമുള്ള പിഴ ഒടുക്കാൻ ബാദ്ധ്യസ്ഥരായിരിക്കും.**

ഈ അലോട്ട്മെന്റിൽ താഴെപറയുന്ന കോളേജുകളിലേക്കും കോഴ്സുകളിലേക്കും പുതുതായി ഓപ്ഷൻ നൽകാവുന്നതാണ്.

NEW COLLEGES

| Sl. No | Code No. | Name of College | Course Code and seats |
|---|---|---|---|
| 1 | NGL | Nangelil Ayurveda Medical College, Nellikuzhy P O, Kothamangalam, Ernakulam | BA - 60 |
| 2 | VSH | Vishnu Ayurveda College, Govt. Press P O, Shoranur, Palakkad | BA - 60 |
| 3 | DGR | Devaki Amma's Guruvayurappan College of Architecture, Chelembra, P.O Pulliparamba, Malappuram | AR - 40 |
| 4 | MER | MES College of Architecture, Kakkody, Kozhikode | AR - 40 |

NEW COURSE

| | | | |
|---|---|---|---|
| 1 | IDK | Government Engineering College, Painavu, Idukki | ME - 60 |

ബഹുമാനപ്പെട്ട സുപ്രീം കോടതി, സിവിൽ അപ്പീൽ നമ്പർ 9047/2012, 9048/2012 എന്നീ കേസുകളിൻമേൽ 2012 ഡിസംബർ 13 ാം തീയതി പുറപ്പെടുവിച്ച വിധി കണക്കിലെടുത്താണ് അലോട്ട്മെന്റ് ഷെഡ്യൂൾ തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത ഉത്തരവ് പ്രകാരം AICTE യുടെ അംഗീകാരത്തിന് വിധേയമായി പ്രവർത്തിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽ യാതൊരു കാരണവശാലും ആഗസ്റ്റ് 15 ാം തീയതിക്ക് ശേഷം അഡ്മിഷൻ നടത്താൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
29.07.2013

**പ്രവേശന പരീക്ഷാ കമ്മീഷണർ**